1. ത്രിരാഷ്ട്ര പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഓസ്ട്രേലിയയിലെത്തും.
2. ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ തുടക്കമായി. സ്ത്രീകൾ നയിക്കുന്ന വികസനവും പുരോഗതിയും ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി അന്ന പൂർണ ദേവി.
3. വയനാട് മണ്ണിടിച്ചിലുണ്ടായ കള്ളാടി പ്രദേശത്ത് തിരച്ചിൽ തുടരുന്നു. മരിച്ചവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്ന് സംസ്ഥാന സർക്കാർ. എല്ലാ പിന്തുണയും ഉറപ്പ് നൽകി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.
4. പി എസ് സി ക്രമക്കേട് സംബന്ധിച്ച ആരോപണം ക്രൈംബ്രാഞ്ച് അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
5. സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത. വയനാട് ഉൾപ്പടെ ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ലോകകപ്പ് ഫുട്ബാളിൽ അർജന്റീനയും സ്വിറ്റ്സർലാൻഡും ക്വാർട്ടർ ഫൈനലിൽ; ക്വാർട്ടർ പോരാട്ടങ്ങൾക്ക് വെള്ളിയാഴ്ച തുടക്കമാകും.

RNU TVPM

## പ്രധാനമന്ത്രി - ഇന്തോനേഷ്യ

ഇന്തോനേഷ്യൻ സന്ദർശനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് യോഗ്യകാർത്തയിലെ പ്രംബനൻ ക്ഷേത്രത്തിൽ ദർശനം നടത്തി. ഇന്നലെ ജക്കാർത്തയിൽ ഇന്തോനേഷ്യൻ പാർലമെന്റിനെ അദ്ദേഹം അഭിസംബോധന ചെയ്തു. ഇന്തോനേഷ്യയുമായുള്ള ജനാധിപത്യ ബന്ധം ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

****************************

## പി എം - ഓസ്ട്രേലിയ സന്ദർശനം

ത്രിരാഷ്ട്ര പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ, പ്രധാനമന്ത്രി ഇന്ന് മെൽബണിൽ എത്തും. ഓസ്ട്രേലിയൻ പ്രധാനമന്ത്രിക്കൊപ്പം മൂന്നാമത് ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. ഇന്ത്യ-ഓസ്ട്രേലിയ സിഇഒ ഫോറത്തിലും പങ്കെടുക്കുന്ന ശ്രീ മോദി ഇന്ത്യൻ പ്രവാസികളെ അഭിസംബോധന ചെയ്യും.

PNU TVPM

****************************

## ബ്രിക്സ് വനിതാ മന്ത്രിതല യോഗം

ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ തുടക്കമായി. യോഗത്തോടെനുബന്ധിച്ചുള്ള പ്രധാന സമ്മേളനത്തിൽ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവി, മന്ത്രാലയ സെക്രട്ടറി അനിൽ മാലിക് തുടങ്ങിയവർ പങ്കെടുത്തു. സ്ത്രീകൾ നയിക്കുന്ന വികസനവും പുരോഗതിയും ലക്ഷ്യമിട്ടുള്ള ചർച്ചകൾ രണ്ടു ദിവസത്തെ യോഗത്തിൽ നടക്കുമെന്ന് കേന്ദ്രമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. രാവിലെ നടന്ന പ്ലീനറി സെഷനിൽ കേന്ദ്രസഹമന്ത്രി സാവിത്രി താക്കൂർ സന്നിഹിതയായിരുന്നു.

*****************************

വയനാട് (ഇൻട്രോ)

വയനാട് മണ്ണിടിച്ചിലുണ്ടായ കള്ളാടി തുരങ്കപാത നിർമ്മാണ പ്രദേശത്ത് കാണാതായവർക്കായി തിരച്ചിൽ തുടരുന്നു. അഞ്ച് പേരെയാണ് കണ്ടെത്താനുള്ളത്. മണ്ണിടിച്ചിലിൽ മൂന്ന് പേർ മരിച്ചതായി ഔദ്യോഗികമായി സ്ഥിരീകരിച്ചിരുന്നു. മുഖ്യമന്ത്രി വി ഡി സതീശൻ അല്പസമയത്തിനകം ദുരന്ത മേഖലയിൽ സന്ദർശനം നടത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്...**

(വോയിസ്)

RNU TVPM

*****************************

വയനാട് - അമിത് ഷാ

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ മുഖ്യമന്ത്രി വി.ഡി സതീശനുമായി ഫോണിൽ സംസാരിച്ചു. കേന്ദ്രത്തിന്റെ എല്ലാ പിന്തുണയും അദ്ദേഹം ഉറപ്പ് നൽകി. കേരളത്തിന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തി അറിയിച്ച അദ്ദേഹം സംഭവത്തെ കുറിച്ച് ഉന്നതതല അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു. ഇന്ന് നടന്ന മന്ത്രിസഭ യോഗത്തിൽ ഇത് സംബന്ധിച്ച തീരുമാനമായതായി മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തരമന്ത്രിയെ അറിയിച്ചു.

*****************************

മുഖ്യമന്ത്രി-പത്രസമ്മേളനം (ഇൻട്രോ)

വയനാട് മണ്ണിടിച്ചിലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം ധനസഹായം

നൽകുമെന്ന് സംസ്ഥാന സർക്കാർ. ദുരന്തത്തിൽ രണ്ടു രീതിയിലുള്ള അന്വേഷണം നടത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ മന്ത്രിസഭാ യോഗത്തിനു ശേഷം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

(വോയിസ്....)

വിശദമായ അന്വേഷണത്തിന് ശേഷം മാത്രമേ വയനാട് തുരങ്കപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കൂ എന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സ്ഥലത്തുനിന്ന് മണ്ണ് നീക്കം ചെയ്യുന്നതിൽ ഗുരുതര വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.
****************************

## ആരോഗ്യമന്ത്രി - വയനാട്

RNUTVPM

മണ്ണിടിച്ചിലുണ്ടായ വയനാട്ടിൽ ആരോഗ്യവകുപ്പിന്റെ എല്ലാ സേവനങ്ങളും ഉറപ്പാക്കിയിട്ടുണ്ടെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. മേപ്പാടി സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരുടെ സേവനം ലഭ്യമാണ്. പ്രദേശത്ത് ആംബുലൻസും മെഡിക്കൽ ടീമും ക്യാമ്പ് ചെയ്യുന്നുണ്ടെന്നും ആരോഗ്യമന്ത്രി പറഞ്ഞു.
****************************

## രാജീവ് ചന്ദ്രശേഖർ - വയനാട്

വയനാട്ടിലുണ്ടായ മണ്ണിടിച്ചിൽ ദുരന്തം അങ്ങേയറ്റം വേദനാജനകമാണെന്ന് രാജീവ് ചന്ദ്രശേഖർ എം എൽ എ. ദുരന്തത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് സർക്കാരിന് ഒഴിഞ്ഞു മാറാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. പരിക്കേറ്റവർക്കും മരിച്ചവരുടെ കുടുംബത്തിനുമുള്ള സഹായം എത്രയും വേഗം നൽകണമെന്നും BJP എല്ലാ പിന്തുണയും

നൽകുമെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ അറിയിച്ചു. കള്ളാടിയിലെ മണ്ണിടിച്ചിലിൽ വീഴ്ച സംഭവിച്ചത് ആരുടെ ഭാഗത്തു നിന്നാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തൃശ്ശൂരിൽ പ്രതികരിച്ചു.
****************************

## ചാലിയാർ പുഴ

വയനാട് മേപ്പാടി മേഖലയിലെ കനത്ത മഴയ്ക്കും കള്ളാടി പ്രദേശത്തെ മണ്ണിടിച്ചിലിനും പിന്നാലെ ചാലിയാർ പുഴയിൽ ജലനിരപ്പുയർന്നു. പുഴയോരത്തുള്ളവർക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. നാടുകാണി ചുരംവഴിയുള്ള യാത്രക്കാരും ജാഗ്രത പാലിക്കണം.
****************************

## മഴ

സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, ഇടുക്കി, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിത ഇടങ്ങളിലേക്ക് മാറണമെന്ന് ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.
****************************

## കോഴിക്കോട് - കാരശ്ശേരി

RNU TVPM

കോഴിക്കോട് ശക്തമായ മഴയെത്തുടർന്ന് കാരശ്ശേരി പഞ്ചായത്തിലെ പൊതുകിണർ ഇടിഞ്ഞു താഴ്ന്നു. കാരശ്ശേരി - കറുത്തപറമ്പ് റോഡിൽ ആയുർവേദ ഹോസ്പിറ്റലിന് സമീപമുള്ള വലിയ കിണറാണ് പൂർണ്ണമായും ഇടിഞ്ഞുതാഴ്ന്നത്. പുതുപ്പാടി അടിവാരം പൊട്ടിക്കയ്യിൽ തടയണ മുക്കിന് സമീപവും കിണർ ഇടിഞ്ഞു.
****************************

## കണ്ണൂർ മഴ

കർണ്ണാടക വനത്തിൽ ഉണ്ടായ ശക്തമായ മഴയെ തുടർന്ന് കണ്ണൂർ ഉളിക്കൽ വയത്തൂർ പാലത്തിലും മണിക്കടവ് ചാപ്പത്തോട് പാലത്തിലും വെള്ളം കയറി. രാത്രിയോടെ പാലത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചെങ്കിലും നിലവിൽ പുനഃസ്ഥാപിച്ചിട്ടുണ്ട്.

****************************

## മുഖ്യമന്ത്രി-പി എസ് സി

പി എസ് സി ക്രമക്കേട് സംബന്ധിച്ച ആരോപണം ക്രൈംബ്രാഞ്ച് അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. അഭിമുഖങ്ങളിൽ മാർക്ക് കൂട്ടി നൽകിയത് ഉൾപ്പടെയുള്ളവ അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരുമെന്നും മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.
****************************

## എൽ നിനോ - അവലോകന യോഗം

വിവിധ മേഖലകളിൽ എൽ നിനോ പ്രതിഭാസത്തെ തുടർന്ന് ഉണ്ടാകാൻ സാധ്യതയുള്ള ആഘാതങ്ങളും അതിനെ നേരിടാനുള്ള തയ്യാറെടുപ്പുകളും വിലയിരുത്തുന്നതിനായി പ്രധാനമന്ത്രിയുടെ ഓഫീസ് ഇന്നലെ ഉന്നതതല അവലോകന

RNU TVPM

യോഗം ചേർന്നു. പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. മിശ്രയുടെ അധ്യക്ഷതയിലായിരുന്നു യോഗം. പതിനഞ്ചിലധികം മന്ത്രാലയങ്ങളിലെ സെക്രട്ടറിമാരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.
*****************************

ഫിഫ ക്വാർട്ട (ഇൻട്രോ)

ലോകകപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനൽ പോരാട്ടങ്ങൾക്ക് വെള്ളിയാഴ്ച തുടക്കമാകും. മൊറോക്കോ, ഫ്രാൻസ്, സ്പെയിൻ, ബെൽജിയം, ഇംഗ്ലണ്ട്, നോർവേ, അർജന്റീന, സ്വിറ്റ്സർലാൻഡ് എന്നീ ടീമുകളാണ് അവസാന എട്ടിലേക്ക് മുന്നേറിയത്.

**ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്)**

*****************************

സുരേഷ് ഗോപി

ഭാരതീയ വിദ്യാഭവൻ തൃശ്ശൂർ കേന്ദ്രത്തിന്റെ ഭവൻസ് എസ് രാമകൃഷ്ണൻ സ്മാർട്ട് സെന്റർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി നിർവഹിച്ചു. ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി അദ്ധ്യാപക പരിശീലനവും വിദ്യാഭ്യാസ ശാക്തീകരണവുമാണ് ലക്ഷ്യമിടുന്നത്. ഭാരതീയ വിദ്യാഭവൻ തൃശ്ശൂർ കേന്ദ്രം ചെയർമാൻ ടി. എസ്. പട്ടാഭിരാമൻ ചടങ്ങിൽ അധ്യക്ഷനായി.
*****************************

മന്ത്രി ബിന്ദു കൃഷ്ണ -കൊറോ ഹെൽത്ത്

RNU TVPM

കോറോ ഹെൽത്തിലെ തൊഴിൽ പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കാൻ ശ്രമിക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ. ജീവനക്കാർക്ക് തൊഴിൽ ഉറപ്പു വരുത്താൻ കമ്പനിയുമായി വെള്ളിയാഴ്ച ചർച്ച നടത്തുമെന്നും അതുവരെ തൽസ്ഥിതി തുടരണമെന്ന സർക്കാർ നിർദേശം പാലിക്കാത്തത് നിയമവിരുദ്ധ നടപടിയാണെന്നും മന്ത്രി പറഞ്ഞു. ചർച്ചയിൽ പ്രശ്നപരിഹാരം ഉണ്ടായില്ലെങ്കിൽ നിയമനടപടിയുമായി മുന്നോട്ടു പോകുമെന്നും മന്ത്രി വ്യക്തമാക്കി.
****************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 538 പോയിന്റ് ഇടിഞ്ഞ് 77,643 ലും, നിഫ്റ്റി 165 പോയിന്റ് നഷ്ടത്തിൽ 24,233 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 560 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 5,960 രൂപയും, ഗ്രാമിന് 13,245 രൂപയുമാണ് ഇന്നത്തെ വില.
****************************

RNU TVPM

## ഡാൻസാഫ് - സസ്പെൻഡ്

പത്തനംതിട്ടയിൽ മദ്യപിച്ച് പോലീസ് ജീപ്പ് ഓടിച്ച് അപകടമുണ്ടാക്കിയ ഡാൻസാഫ് ഉദ്യോഗസ്ഥരെ ജില്ലാ പോലീസ് മേധാവി സസ്പെൻഡ് ചെയ്തു. പ്രയേഷ്, സുമൻ, രാഹുൽ എന്നിവരെയാണ് മദ്യപിച്ച് അപകടകരമായ രീതിയിൽ വാഹനമോടിച്ചതിന് സസ്പെൻഡ് ചെയ്തത്. പോലീസ് സംഘത്തെ ഓട്ടോറിക്ഷാ ഡ്രൈവറായ യുവതി പിൻതുടർന്ന് തടഞ്ഞതോടെയാണ് സംഭവം പുറത്തറിഞ്ഞത്.
****************************

## കോട്ടയം സ്വകാര്യ ബസ് സമരം

KSRTC പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര സ്വകാര്യ ബസ് മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചതായി ഉന്നയിച്ച് കോട്ടയം ജില്ലയിൽ ഇന്ന് സ്വകാര്യ ബസ് പണിമുടക്ക്. സമരത്തിന്റെ ഭാഗമായി ഇന്ന് രാവിലെ നാഗമ്പടം ബസ് സ്റ്റാൻഡിൽ നിന്ന് കളക്ടറേറ്റിലേക്ക് ബസ് ഓപ്പറേറ്റേഴ്സ് മാർച്ച് നടത്തി. മുണ്ടക്കയം ഭാഗങ്ങളിൽ ചില സ്വകാര്യ ബസ്സുകൾ ഒഴികെ എല്ലാ സ്വകാര്യ ബസ് സർവീസുകളും നിർത്തിവച്ചിരിക്കുകയാണ്.

RNU TVPM